**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 663</u>** **<u>26-07-2021 - ൽ മറുപടിയ്ക്ക്</u>**

**<u>വയനാട്-മുണ്ടേരി-നിലമ്പൂർ റോഡ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് ജില്ലയിൽ നിന്നും മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ എത്തിച്ചേരണമെങ്കിൽ നിലവിലുള്ള റോഡുകൾ (കോഴിക്കോട്-താമരശ്ശേരി, തമിഴ്നാട്-നാടുകാണി ) വഴി എത്ര കിലോമീറ്റർ ദൂരം യഥാക്രമം സഞ്ചരിക്കണമെന്ന് അറിയിക്കാമോ; | (എ) | 1) താമരശ്ശേരി ചുരം വഴി കൽപ്പറ്റയിൽ നിന്ന് നിലമ്പൂരിലേക്ക് 97 കീ.മി യാത്ര ചെയ്യണം. 2) നാടുകാണി ചുരം വഴി കൽപ്പറ്റയിൽ നിന്ന് നിലമ്പൂരിലേക്ക് 91 കീ..മി യാത്ര ചെയ്യണം. |
| (ബി) | വയനാട്ടിലെ ചൂരൽമല, മലപ്പുറത്തെ മുണ്ടേരി എന്നീ പ്രദേശങ്ങളിലെ പൊതുമരാമത്ത് റോഡുകളുടെ മീൻ സീ ലെവൽ (എം.എസ്.എൽ.) എത്രയാണെന്ന് വിശദമാക്കാമോ; | (ബി) | ചൂരൽമല – 864 മീ മുണ്ടേരി - 77 മീ |
| (സി) | നിർദ്ദിഷ്ട മലയോര ഹൈവേയുടെ ഭാഗമായി ചൂരൽമലയിൽ നിന്നും മുണ്ടേരിയിലേക്കുള്ള കണക്ടിവിറ്റിക്ക് തയ്യാറാക്കിയ രൂപരേഖയും ദൂരമടക്കമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ; | (സി) | മലപ്പുറം ജില്ലയിലെ മുണ്ടേരി സീഡ് ഫാം ഗേറ്റിൽ നിന്ന് തുടങ്ങി വയനാട് ജില്ലയിലെ അരണപ്പുഴ വരെയാണ് നിർദ്ദിഷ്ട പാതയുടെ രൂപരേഖയുള്ളത്. 17.20 കീ.മി ദൂരമുള്ള പാതയിൽ 3 കീ.മി മുണ്ടേരി ഫാമിലൂടെയും ബാക്കി 14.20 കീ.മി വനത്തിലൂടെയുമാണ്. കൃഷിവകുപ്പ്, 4.05 ഹെക്ടറും, വനം വകുപ്പ് 18.90 ഹെക്ടർ സ്ഥലവുമാണ് വിട്ട് തരേണ്ടത്. മൊത്തം പാതയുടെ വീതി 18.00 മീറ്ററും ക്യാരേജ് വേ (ടാറിംങ്ങിന്റെ) വീതി 7.00 മീറ്ററുമാണ്. 25 ഹെയർ പിൻ വളവുകളും പുതിയ മൂന്ന് പാലങ്ങളും ആവശ്യമായി വരും. |
| (ഡി) | ഈ രൂപരേഖ തയ്യാറാക്കിയത് ആരാണെന്നും എങ്ങനെയാണെന്നും എന്നാണെന്നും വനം വകുപ്പിന്റെ സഹകരണത്തോടെയാണോ എന്നും വ്യക്തമാക്കാമോ? | (ഡി) | ഈ രൂപരേഖ തയ്യാറാക്കിയത് എറണാകുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന M/s.ജി.എസ്. ഇൻഫ്രാസ്ട്രക്ച്ചർ എന്ന സ്ഥാപനമാണ് വനം വകുപ്പിന്റെ അനുമതിയോടു കൂടിയാണ് വന ത്തിന് അകത്ത് സർവ്വേ ചെയ്തത് |

സെക്ഷൻ ഓഫീസർ